പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5279

15.11.2019-ൽ മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി.-യിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം

*ചോദ്യം*

ശ്രീ.പി.കെ.ബഷീർ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഐ.എച്ച്.ആർ.ഡി.-യിൽ എ.ഐ.സി.ടി.ഇ. സ്കെയിൽ പ്രകാരം ശമ്പളം വാങ്ങുന്ന എൻജിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് 2010 ന ശേഷം കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | ഐ.എച്ച്.ആർ.ഡി.-യിൽ എ.ഐ.സി.ടി.ഇ. സ്കെയിൽ പ്രകാരം ശമ്പളം വാങ്ങുന്ന എൻജിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് 2010 -ന ശേഷം കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കിയിട്ടില്ല. ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട് ചില അപാകതകൾ നില നിൽക്കുന്നു എന്ന് ചൂണ്ടിക്കാട്ടി എ.ജി നൽകിയ 2011-2012 വർഷത്തിലെ ഐ.എച്ച്.ആർ.ഡി. ഓഡിറ്റ് റിപ്പോർട്ടിന്മേൽ ഓഡിറ്റ് എൻക്വയറി ഇതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ WP(C)No.37813/2018 എന്ന കേസ് നിലനിൽക്കുന്നതിനാലും ഐ.എച്ച്.ആർ.ഡി യുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാലും പ്രസ്തുത സ്കീം ഐ.എച്ച്.ആർ.ഡി.യിൽ പൂർണ്ണമായി |
| (ബി) | ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയിട്ടില്ല. |
| (സി) | കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; പ്രസ്തുത സ്കീം നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയമെന്താണെന്നും എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ? | (സി) | എ.ജി. യുടെ ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്കും ഐ.എച്ച്.ആർ.ഡി. യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കും ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള WP(C)No.37813/2018 എന്ന കേസിൽ അന്തിമ വിധി വരുന്ന മുറയ്ക്കും മാത്രമേ ഐ.എച്ച്.ആർ.ഡി യിൽ 2010 -ന് ശേഷമുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീം പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ